ഇതു കൂടാതെ സർക്കാർ ഉത്തരവ് പ്രകാരം ലഭിക്കുന്ന പദ്ധതി നിർദ്ദേശങ്ങൾക്ക് സമയ ബന്ധിതമായി അംഗീകാരം കൊടുക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനും നയപരമായ തീരുമാനങ്ങൾ കൈക്കൊള്ളുന്നതിനും കേരളത്തെ ഒരു വ്യവസായ സൗഹൃദ സംസ്ഥാനമായി തുടർന്നും അവതരിപ്പിക്കു ന്നതിനായി ഒരു ഇൻവെസ്റ്റ്മെന്റ് പ്രമോഷൻ കൗൺസിലും, പദ്ധതികളെപ്പറ്റി വിശദമായി പരിശോധിച്ച് ബന്ധപ്പെട്ട വകുപ്പുകളുടെ അനുമതികൾ ലഭ്യമാക്കിക്കൊണ്ട് അംഗീകാരം നൽകുന്നതിനായി ഒരു ഇൻവെസ്റ്റ്മെന്റ് ക്ലിയറൻസ് ബോർഡും രൂപീകരിച്ചിട്ടുണ്ട്. ഇതിനു പുറമേ കേരളത്തിൽ വ്യവസായ രംഗത്ത് ലഭിക്കുന്ന പദ്ധതി നിർദ്ദേശങ്ങളെപ്പറ്റി വിശദമായി ചർച്ച ചെയ്യുന്നതിനും കേരളത്തിലേയ്ക്ക് നിക്ഷേപ സാധ്യതകൾ ആകർഷിക്കുന്നതിനും വേണ്ടിയുള്ള മേഖലകൾ കണ്ടെത്തുന്നതിനുമായി ഒരു ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ ബോർഡും രൂപീകരിച്ചിട്ടുണ്ട്.

ഇത്തരം തടസ്സങ്ങൾ നീക്കുന്നതിനായി വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് ജില്ലാ തലത്തിലും സംസ്ഥാന തലത്തിലും Single Window Clearance Board സംവിധാനം പ്രവർത്തിക്കുന്നുണ്ട്. വ്യവസായ ആവശ്യത്തിന് ഭൂമി കണ്ടെത്തുന്നതിനുള്ള ശ്രമങ്ങൾ നടത്തി വരുന്നു. MSME വിഭാഗത്തിലെ നിക്ഷേപകർക്ക് വായ്പ ലഭ്യമാക്കുന്നതിന് ധനകാര്യ സ്ഥാപനങ്ങളിലും ക്ലിയറൻസുകളും ലൈസൻസുകളും പെർമിറ്റുകളും ലഭ്യമാക്കുന്നതിന് അതാത് ഏജൻസികളുമായും നിക്ഷേപകർക്കു വേണ്ടി ഹാൻഡ് ഹോൾഡിംഗ് സംവിധാനം നടപ്പിലാക്കി വരുന്നു. ചെറുകിട മേഖലയ്ക്ക് പ്രത്യേക ഊന്നൽ നൽകിക്കൊണ്ട് ഇന്റൻസീവ് ഇൻഡസ്ട്രിയലൈസേഷൻ ഡ്രൈവ് (IID) നടത്തി വരുന്നു.

സിഡ്കോയിലെ ജീവനക്കാരുടെ ശമ്പള പരിഷ്കരണ നടപടി

279 (619) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 26-3-2003- ലെ നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 2242-നും 31/1/2014-ലെ 3968- ാം നമ്പർ ചോദ്യത്തിനും നൽകിയ മറുപടിയിൽ ഡിസ്കോയിലെ ജീവനക്കാരുടെ ശമ്പള പരിഷ്കരണം കഴിവതും വേഗം നടപ്പിലാക്കാൻ നടപടി സ്വീകരിച്ചു വരുന്നതായി മറുപടി നൽകിയിരുന്നു. എന്നാൽ വർഷമൊന്നാകാറായിട്ടും കഴിഞ്ഞ 6 കൊല്ലവും ലാഭത്തിലായിരുന്ന സർക്കാർ പൊതുമേഖലാ സ്ഥാപനമായ കേരള സിഡ്കോയിൽ ശമ്പള പരിഷ്കരണം എന്ന ന്യായമായ ആവശ്യം അനുവദിക്കാൻ കഴിയാത്തതിന്റെ സാങ്കേതിക തടസ്സം എന്തെന്ന് വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ശമ്പള പരിഷ്കരണം അനുവദിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ ;

ഉത്തരം

(എ&ബി) സിഡ്കോയിലെ ജീവനക്കാർക്ക് ശമ്പള പരിഷ്കരണം അനുവദിയ്ക്കുന്നതുമായി ബന്ധപ്പെട്ട് സ്റ്റാഫ് പാറ്റേൺ പുനർ നിർണയിക്കുന്നതിൽ ചില സാങ്കേതിക തടസ്സങ്ങൾ ഉണ്ടായിരുന്നു. ഇതു പരിഹരിച്ച് ശമ്പള പരിഷ്കരണം ഉടൻ തന്നെ നടപ്പിലാക്കുവാൻ നടപടി സ്വീകരിച്ചു വരുന്നു.

യെസ് സംഗമം

280 (620) ശ്രീ. ഇ. പി. ജയരാജൻ :
ശ്രീ. എസ്. ശർമ്മ :
ശ്രീ. ബി. സത്യൻ :
ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2003-ൽ സർക്കാർ നടത്തിയ ഗ്ലോബൽ ഇൻവെസ്റ്റ്മെന്റ് മീറ്റിലൂടെയും ഈ സർക്കാർ നടത്തിയ എമർജിംഗ് കേരളയിലൂടെയും എന്ത് തുകയുടെ നിക്ഷേപം ലഭ്യമാക്കാനാണ് ഉദ്ദേശിച്ചതെന്ന് വ്യക്തമാക്കാമോ ;

(ബി) ഈ രണ്ട് പരിപാടികളിലൂടെ എത്ര സംരംഭങ്ങൾ സംസ്ഥാനത്ത് നടപ്പിലാക്കാനായി എന്ന് വിശദമാക്കാമോ ;

(സി) ജിം. എമർജിംഗ് കേരള തുടങ്ങിയ സംരംഭങ്ങൾ പ്രഹസനമാകുന്നതായും അതുമായി ബന്ധപ്പെട്ട ആക്ഷേപങ്ങൾ നിലനിൽക്കുകയും ചെയ്യുമ്പോൾ ഇപ്പോൾ നടത്തിയ യെസ് സംഗമത്തിന്റെ ഗതിയെക്കുറിച്ചുയർന്ന ആശങ്ക സംബന്ധിച്ച നിലപാട് വ്യക്തമാക്കുമോ ;

(ഡി) യെസ് സംഗമം സംഘടിപ്പിക്കുന്നതിന് എത്ര തുക ചെലവായി എന്ന് വിശദാംശം സഹിതം വിശദമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly